# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5800          25.05.2017- ൽ മറുപടിക്ക്

**"ചെറുകിട സംരംഭകരെ പ്രയോജനപ്പെടുത്തുന്ന വ്യവസായനയം"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ്, | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട സംരംഭകരെ പ്രയോജനപ്പെടുത്തുന്ന രീതിയിൽ ആവിഷ്കരിക്കുമെന്ന് പ്രസ്താവിച്ച പ്രകാരമുള്ള വ്യവസായ നയത്തെ സംബന്ധിച്ച് വിവരിക്കാമോ; | എ)<br>&<br>ബി) | യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തിയും, വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും, പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ കുറവുള്ളതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്കും സ്ത്രീ സംരംഭകർക്കും കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ കരട് സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു. |
| ബി) | പ്രായഭേദമില്ലാതെ സ്ത്രീ സംരഭകർക്ക് പ്രത്യേക പരിഗണന നൽകി, ഇവർ മുന്നോട്ടു വയ്ക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ